**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2519.** | **01-04-2013-ലെ മറുപടിയ്ക്ക്**

## ബീഡി - സിഗാർ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.സി.ദിവാകരൻ :<br>ശ്രീ. ഇ.കെ.വിജയൻ:<br>ശ്രീ. ചിറ്റയം ഗോപകുമാർ :<br>ശ്രീ. കെ. അജിത് : | ശ്രീ. ഷിബു ബേബിജോൺ<br>(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ബീഡി-സിഗാർ മേഖലയിൽ പ്രത്യക്ഷമായും പരോക്ഷമായും എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്; ഇതിൽ സ്ത്രീ തൊഴിലാളികൾ എത്ര; | (എ) കേരള ബീഡി-ചുരുട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിൽ 25-03-2013 വരെ 42895 അംഗങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 22973 അംഗങ്ങളാണ് ഇപ്പോൾ അംശദായം അടച്ച് അംഗത്വം നിലനിർത്തിയിട്ടുള്ളത്. ഇവയിൽ 21318 പേർ സ്ത്രീകളും 1655 പേർ പുരുഷന്മാരുമാണ്. |
| (ബി) ഈ മേഖലയിൽ പ്രതിവർഷം എത്ര തൊഴിൽ ദിനങ്ങൾ ലഭിക്കുന്നുണ്ട്; ഈ തൊഴിലാളികളുടെ പ്രതിദിന വേതനം എത്രയാണ്; അയൽ സംസ്ഥാനങ്ങളിൽ ഈ വിഭാഗം തൊഴിലാളികൾക്ക് ലഭിക്കുന്ന പ്രതിദിന വേതനം എത്രയാണ്; | (ബി) പ്രതിവർഷം 300 തൊഴിൽ ദിനങ്ങൾ ലഭിക്കുന്നുണ്ട്. 138.64/- രൂപയാണ് തൊഴിലാളികളുടെ പ്രതിദിന മിനിമം വേതനം. കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് 110/- രൂപ പ്രതിദിന വേതനം ലഭിക്കുന്നതായാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. |
| (സി) ഈ മേഖലയിലെ തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ ഈ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ എന്തെല്ലാം; ഇതിന്റെ വെളിച്ചത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (സി) ഇല്ല |
| (ഡി) ഈ രംഗത്ത് തൊഴിൽ നഷ്ടപ്പെടുന്നവരുടെ പുനരധിവാസത്തിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ എന്തെല്ലാം; ഇല്ലെങ്കിൽ പുനരധിവാസ നടപടികൾ സ്വീകരിക്കുമോ ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ